കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

കണ്ണൂർ സർവകലാശാല- Autism, Intellectual disability, Specific learning disability, Mental illness എന്നീ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ ഒറ്റ യൂണിറ്റായി പരിഗണിച്ചുകൊണ്ട് സർക്കാർ / എയ്ഡഡ് കോളേജുകളിൽ ബിരുദ പ്രോഗ്രാമുകളിൽ പരമാവധി മൂന്ന് സീറ്റുകളും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഒരു സീറ്റും നിലവിലെ അഡ്മിഷൻ പരിധിക്ക് മുകളിൽ അനുവദിച്ച് പ്രവേശനം നടത്തുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

സിംഗിൾ വിൻഡോ

SWC/SWC II/18054/2021 തീയതി: 02.06.2023

---

പരാമർശം:-1. കേരള സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം.229/2023/ HEDN തിയ്യതി 02.05.2023

2.19.05.2023 തിയ്യതിയിൽ നടന്ന അഡ്മിഷൻ കമ്മിറ്റി യോഗത്തിന്റെ മിനുട്സ്

ഉത്തരവ്

1. പരാമർശം (1 ) പ്രകാരം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഭിന്നശേഷിക്കാരായ വിദ്യാർഥികളുടെ പ്രാപ്തിയും തുല്യതയും വർധിപ്പിക്കുന്നതിന് വേണ്ടി നിലവിൽ Autism, intellectual disability, specific learning disability, mental illness എന്നീ ഭിന്നശേഷി വിഭാഗത്തിൽപെട്ടവരെ ഒറ്റ യൂണിറ്റായി പരിഗണിച്ചു കൊണ്ട് സർക്കാർ / എയ്ഡഡ് കോളേജുകളിൽ ബിരുദ പ്രോഗ്രാമുകളിൽ പരമാവധി മൂന്ന് സീറ്റുകളും പി ജി പ്രോഗ്രാമുകൾക്ക് ഒരു സീറ്റും നിലവിലെ അഡ്മിഷൻ പരിധിക്ക് മുകളിൽ സർക്കാരിന് അധികം സാമ്പത്തിക ബാധ്യത ഇല്ലാതെ അനുവദിച്ചു പ്രവേശനം നടത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

2. പരാമർശം (2 ) പ്രകാരം പ്രസ്തുത സർക്കാർ തീരുമാനം സർവകലാശാലയിൽ നടപ്പിൽ വരുത്തുവാൻ അഡ്മിഷൻ കമ്മിറ്റി ശിപാർശ ചെയ്യുകയും പ്രസ്തുത ശിപാർശ ബഹു.വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

3. അതിൻപ്രകാരം കണ്ണൂർ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ സർക്കാർ / എയ്ഡഡ് കോളേജുകളിൽ Autism, intellectual disability, specific learning disability, mental illness എന്നീ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ ഒറ്റ യൂണിറ്റായി പരിഗണിച്ചുകൊണ്ട് ബിരുദ പ്രോഗ്രാമുകളിൽ പരമാവധി മൂന്ന് സീറ്റുകളും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ ഒരു സീറ്റും നിലവിലെ അഡ്മിഷൻ പരിധിക്ക് മുകളിൽ അനുവദിച്ച് സർക്കാരിന്/ സർവകലാശാലയ്ക്ക് അധികം സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ പ്രവേശനം നടത്തുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4 മേൽ ഉത്തരവ് തദനുസൃതം പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

Narayanadas K

**ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)**

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പാൾമാർ

പകർപ്പ്: 1.പരീക്ഷ വിഭാഗം

2. അന്വേഷണ വിഭാഗം

3 . ഐ ടി സെൻറർ

4. വെബ്മാനേജർ

5 സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ